# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3617

20.10.2016-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) 2016 ഫെബ്രുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചതിനു ശേഷം എത്ര കമ്പ്യൂട്ടറുകൾ ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ അനുവദിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ; | എ) 2016 ഫെബ്രുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ നടപടികൾ ആരംഭിച്ചതിനു ശേഷം 9 കമ്പ്യൂട്ടറുകൾ ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ അനുവദിച്ചിട്ടുണ്ട്. |
| ബി) സബ് രജിസ്ട്രാർ ആഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സേവനം സുഗമമായി നൽകുന്നതിന് കുറഞ്ഞത് അഞ്ച് കമ്പ്യൂട്ടറുകളെങ്കിലും ആവശ്യമാണെന്നിരിക്കെ, കോഴിക്കോട് ജില്ലയിലെ എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ മൂന്നോ അതിൽ കുറവോ കമ്പ്യൂട്ടറുകൾ മാത്രമുപയോഗിച്ച് പ്രവർത്തിച്ചു വരുന്നു എന്നത് വ്യക്തമാക്കാമോ; ഇത് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) മൂന്നോ അതിൽ കുറവോ കമ്പ്യൂട്ടറുകൾ മാത്രമുപയോഗിച്ചു പ്രവർത്തിച്ചു വരുന്ന 33 സബ് രജിസ്ട്രാർ ഓഫീസുകൾ കോഴിക്കോട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .<br>കംപ്യൂട്ടറുകളുടെ അപര്യാപ്തത ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) കോഴിക്കോട് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെ അപര്യാപ്തത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) നടപ്പു സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർ വത്ക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Rajind

സെക്ഷൻ ഓഫീസർ